# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2894</u>  <u>12.10.2011-ൽ മറുപടിയ്ക്ക്</u>

## <u>തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി</u>

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത്മാസ്റ്റർ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീമതി .പി. അയിഷാ പോറ്റി<br>ശ്രീ. ജെയിംസ് മാത്യു | ***ശ്രീ. കെ.പി.മോഹനൻ***<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി കുറഞ്ഞുവരുന്നതായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാളികേര ഉത്പാദനക്ഷമതയിൽ കേരളത്തിന്റെ അവസ്ഥാവിശേഷം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(ബി) പരിഗണിച്ചിട്ടുണ്ട്. കേരളത്തിലെ നാളികേരത്തിന്റെ ഉല്പാദനക്ഷമ 2005-06-ൽ ഹെക്ടറിന് 7046 നാളികേരം എന്നത് 2009-10 ൽ 7278 നാളികേരം ആയി വർദ്ധിച്ചിട്ടുണ്ട്

(സി) തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സംസ്ഥാന കൃഷി വകുപ്പ് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) തെങ്ങികൃഷി വ്യാപിപ്പിയ്ക്കുന്നതിന് സ്ഥലപരിമിതിയുള്ളതിനാൽ നിലവിലുള്ള തെങ്ങുകൃഷിയിൽ നിന്നും ആദായം വർദ്ധിപ്പിക്കുന്നതിനും ഉപകരിയ്ക്കുന്ന താഴെ പറയുന്ന പദ്ധതികളാണ് കൃഷിവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതു്

| <u>പദ്ധതിയുടെ പേര്</u> | <u>ബഡ്ജറ്റിലുള്ള തുക</u> ലക്ഷത്തിൽ |
|---|---|
| തെങ്ങ് കൃഷി വികസനം | 3000 |
| തെങ്ങിനുള്ളവിള്ള ഇൻഷ്വറൻസ് | 25 |
| TXD ഹൈബ്രിഡ് തെങ്ങിൻ തൈ ഉല്പാദനം | 100 |
| നാളികേര വികസബോർഡിന്റെ സമഗ്ര നാളികേര വികസന പദ്ധതി | 500 |

(ഡി) നാളികേരത്തിന് ന്യായവില ഉറപ്പാക്കാൻ ഇപ്പോൾ സാധിക്കുന്നുണ്ടോ എന്നറിയിക്കുമോ?

(ഡി) കേരളത്തിലെ നാളികേര കർഷകരെ സംരക്ഷിക്കുന്നതിന് നാളികേര സംഭരണ പദ്ധതി നിലവിലുണ്ട്. ഓരോ വർഷവും കാർഷിക വില നിർണ്ണയബോർഡ് നാളികേരത്തിന്റെ ഉല്പാദനച്ചെലവ് കണക്കാക്കി കേന്ദ്രസർക്കാരിലേക്ക് പ്രൈസ്പോളിസിറിപ്പോർട്ട് സമർപ്പിക്കുന്നു. ഇതിനെ ആസ്പദമാക്കി കേന്ദ്രസർക്കാർ അതാതു സീസണിൽ കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുന്നു. നിലവിൽ ഉണ്ടകൊപ്രയ്ക്ക ക്വിന്റലിന് 4775/- രൂപയും മില്ലിംഗ് കൊപ്രയ്ക്ക് 4525/- രൂപയുമാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില. എന്നാൽ ഇന്ന് നാളികേരത്തിന്റെ വിപണിവില കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവിലയെക്കാൾ ഉയർന്നു നിൽക്കുന്നതിനാൽ താങ്ങുവില പദ്ധതിപ്രകാരമുള്ള കൊപ്രസംഭരണം പ്രസക്തമല്ല. ഇതിനു പുറമെ വിപണിയിൽ നാളികേരത്തിന്റെ വിലകുറയുമ്പോൾ കേന്ദ്രസർക്കാർ കൊപ്രക്ക് പ്രഖ്യാപിക്കുന്ന താങ്ങുവിലക്ക് ആനുപാതികമായിട്ടുള്ള ഒരു വിലക്ക് സംസ്ഥാന സർക്കാർ നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസി കളായ കേരഫെഡ്, കൺസ്യൂമർഫെഡ്, മാർക്കറ്റ്ഫെഡ് എന്നിവ മുഖേന പച്ചതേങ്ങയും സംഭരിക്കാറുണ്ട്.

R. A. Odira

സെക്ഷൻ ഓഫീസർ